# നാസർ തിരിച്ചു വന്നില്ല

ഈറനാർന്നൊരു പ്രഭാതത്തിലാണ് രാജേഷ് വീടിന്റെ മുന്നിലെ വഴിയിൽ, ബൈക്കിൽ നിന്നും ഇറങ്ങാതെ ചോദിച്ചത്.

“നാസർ വന്നില്ലല്ലോ... അല്ലേ....?”

“ഇല്ല”

നാസറിന്റെ ഉമ്മയാണകത്തു നിന്നും പറഞ്ഞത്. ശേഷം അവർ പുറത്തേക്ക് വന്നു.

നന്നെ ക്ഷീണിച്ച ഒരു സ്ത്രീ... നിറം മങ്ങിയ നൈറ്റി....

“അല്ല.... രാജേഷ് എപ്പ വന്നു.... അവൻ നിന്റെ കൂടെയല്ലെ പോന്നത്....?”

“ഉവ്വ്... ഞാനവനെ അവിടെ ഇറക്കിയിട്ട് കാത്തുനിന്നു, പത്തു മണി വരെ .... പത്തു മണിക്കവൻ വിളിച്ചു പറഞ്ഞു താമസ്സിച്ചേ വരുവൊള്ളൂ എന്നോട് പൊക്കോളാൻ ....”

ങേ...!.

അവർ ഒന്നു തേങ്ങി. അവർക്ക് പിറകിൽ വെളുത്ത സുന്ദരിയായൊരു പെൺകുട്ടി വന്നു. അവൾ നാസറിന്റെ ഭാര്യയാണ്. പെൺകുട്ടിയെപ്പോലെ തോന്നിക്കുമെങ്കിലും അവൾക്കൊരു മകനുണ്ട്, രണ്ടു വയസ്സുകാരൻ.

അവൾ, നസീമ പറഞ്ഞു.

“വന്നിട്ട് വണ്ടിയിറക്കിയിടാന്നും പറഞ്ഞിട്ടാ ഇക്ക പോയത്... കണ്ടില്ലേ..?”

ഉവ്വ്, കാറ് ഇപ്പോഴും റോഡരുകിൽ, വീടിനു മുന്നിലായി കിടപ്പുണ്ട്. നാസർ പോകും മുമ്പ് കഴുകി വൃത്തിയാക്കിയ സുമോ രാത്രിയിലെ മഴയിൽ നനഞ്ഞിട്ടുണ്ട്.

നസീമയുടെ എളിയിൽ ഇരുന്ന് മകൻ വഴിയിൽ നില്ക്കുന്ന പരിചിതനായ രാജേഷിനെ നോക്കി ചിരിക്കുകയും കൈകൾ കാണിക്കുകയും ചെയ്യുന്നുണ്ട്.

“ഞാനിപ്പ വരാം.”

രാജേഷ് ബൈക്കിൽ തിരിച്ചു പോയപ്പോൾ വീടിന്റെ മുന്നിലേക്ക് ഒരയൽക്കാരൻ വന്നു.

“അവൻ ഇന്നലെ ആർക്കോ പൈസ കൊടുക്കാനെന്നു പറഞ്ഞാ പോയത്, ഇപ്പത്തന്നെ വരുമെന്നും പറഞ്ഞു... ആ രാജേഷിന്റെ കാറിലാ പോയത്....”

പക്ഷെ, നാസറ് തിരികെ എത്തിയിട്ടില്ല.  കഴിഞ്ഞ നാൾ ഉച്ച തിരിഞ്ഞ് മൂന്നു മണിക്കാണ് പോയിരിക്കുന്നത്.  ഇപ്പോൾ നേരം പുലർന്ന് ഏഴുമണി ആയിരിക്കുന്നു.

പെട്ടന്ന് നാട്ടിലാകെ വാർത്ത പടർന്നു.

ഈ നാട് അത്ര ഗ്രാമമൊന്നുമല്ല.  ഒരു മിനിമം ബസ്സ് ചാർജ്ജിൽ അടുത്ത നഗരത്തിലെത്താം.  രണ്ടു മിനിമം ചാർജ്ജിൽ എതിർ ദിശയിലുള്ള അടുത്ത നഗരത്തിലുമെത്താം.

എങ്കിലും, ഇടത്തട്ടുകാരാണധികവും, നഗരം മടുത്ത മേൽത്തട്ടുകാരും ഇടയിലൊക്കെ ചേക്കേറിയിട്ടുണ്ട്.  അടുത്തടുത്ത വീടുകളാണ്.  ഒരടുക്കളയിൽ ഇരുന്നു പറയുന്ന കുന്നായ്മയും കുശുമ്പും അടുത്ത അടുക്കളയിൽ ഇരുന്നു കേൾക്കാൻ പറ്റുമോയെന്നു ചോദിച്ചാൽ, ശ്രദ്ധിച്ചാലാകുമെന്ന് പറയേണ്ടിവരും.

എന്നാൽ നഗരത്തിന്റെ പോലെ പരസ്പരം അറിയായ്കയില്ല. പരസ്പരം അറിയുകയും അറിയിക്കുകയും സഹായിക്കുകയും ശല്യം ചെയ്യുകയുമൊക്കെ ചെയ്യും ഇവർ.

അത്യാവശ്യം നാട്ടുകാരും വീട്ടുകാരും നാസറിന്റെ വീട്ടിലേക്കെത്തി, മുറ്റത്തും വീട്ടിനുള്ളിലും വിവരങ്ങൾ തിരക്കി നിന്നു.

രാജേഷ് വീണ്ടും വന്നു.  കൂടെ വാർഡ് മെമ്പറും ഒരു കുടുംബ സുഹൃത്തും.

അന്തരീക്ഷം കലുഷിതമായിക്കൊണ്ടിരുന്നു.  നാസറിന്റെ ഉമ്മ അന്തിച്ചു നിൽക്കുന്നു.  ഭാര്യ തളർന്നിരിക്കുന്നു..

അവരുടെ തേങ്ങലുകൾ കരച്ചിലുകളായി.

അടുത്ത വീട്ടിലെ സ്ത്രീകളെത്തിയിട്ടുണ്ട് സമാധാനിപ്പിക്കാൻ...

വാർഡ് മെമ്പറാണ് പറയുന്നത.്

“എന്തോ ചെറിയ കൈപ്പിഴ പറ്റിയിട്ടുണ്ട്... രാജേഷ് അവനെ ഇറക്കിയിട്ട് തിരിച്ചു പോന്നതല്ലെ... നമുക്ക് നോക്കാം... വേണ്ടതെന്തെന്നു വച്ചാൽ ചെയ്യാം...”

“അതെ മെമ്പർ പറയുന്നതിലും കാര്യമുണ്ട്..”

കുടുംബ സുഹൃത്തിന്റെ സപ്പോർട്ട്.

നാസറിന്റെ വാപ്പ അപ്പോഴാണ് എത്തിയത്. അയാൾ രാവിലെ പശുക്കളെ കറക്കാൻ പോയതാണ്, അയാൾക്ക് കറവയാണ് ജോലി.

മെലിഞ്ഞ, ശ്വാസ രോഗിയെപ്പോലെ ഒരാൾ, സംസാരിക്കാൻ ബുദ്ധിമുട്ടുന്നതു പോലെയുള്ള മുഖം.

“അതെ ഇക്ക മെമ്പർ പറഞ്ഞു മോൻ പോയിട്ട് വന്നില്ല. ആർക്കോ പൈസ കൊടുക്കാനെന്നു പറഞ്ഞല്ലെ പോയത്.. ഞാൻ അയാളുടെ നമ്പറിൽ വിളിച്ചു. അയാളൊരു യാത്രയിലാണെന്നു പറഞ്ഞു, വൈകിട്ട് എത്തുമെന്നും... ആയാൾ വരട്ടെ, നമുക്ക് അന്വേഷിക്കാം...”

എവിടയോ, എന്തെല്ലാമോ കൂട്ടിമുട്ടാതെ നില്കുന്നുണ്ടെന്നു തോന്നുന്നു. എന്തോ അപാകതയുള്ളതുപോലെ.

അഭിപ്രായങ്ങളും സംസാരങ്ങളും കൂടുതലായി. ശബ്ദം ഉയർന്നു തുടങ്ങി. നാസർ കൊണ്ടുപോയിരിക്കുന്ന പണത്തിന്റെ കണക്കുകൾ ഊഹാപോഹങ്ങളായി ഉയർന്നു വന്നു. അത് ലക്ഷങ്ങൾ വരുമെന്നും, അവൻ തിരിച്ചു വരാത്തതിൽ സംശയിക്കണമെന്നുംപറഞ്ഞു തുടങ്ങി. പൊതു ജനഹിതവും, സംസാരവും മെമ്പർക്ക് ദേഷ്യം വരുത്തി. പൊതു ജനത്തിന്റെ സംസാരത്തിനു മുകളിൽ ശബ്ദമുണ്ടാക്കാൻ അയാൾ ശ്രമിച്ചു കൊണ്ടിരുന്നു.

വീട്ടുകാർ ആകെ അമ്പരപ്പിലേക്കും വിഷമത്തിലേക്കും അലമുറയിട്ടുള്ള കരച്ചിലിലേക്കും നീങ്ങിക്കൊണ്ടിരുന്നു.

പോലീസിനെ വിവരം അറിയിക്കണമെന്നും, രാജേഷിനെ സംശയിക്കണമെന്നും, ചോദ്യം ചെയ്യണമെന്നും ഒരു വിഭാഗം അഭിപ്രായപ്പെട്ടു.

“നിങ്ങൾ ഉദ്ദേശിക്കുന്നതുപെലെയല്ല കാര്യങ്ങൾ, നാസറിന്റെ കയ്യിലും തെറ്റുണ്ട്... അതു കൊണ്ട് പോലീസിൽ അറിയിക്കുന്നത് ബുദ്ധിയല്ല.... നമുക്ക് ഇന്ന് വൈകുന്നേരം വരെ നോക്കാം...”

മെമ്പർ, രാജേഷിനോടൊപ്പം കുടുംബ സുഹൃത്തിനോടുകൂടി സ്ഥലത്തു നിന്നും വലിയുകയാണ്. പൊതുജനം അവരെ തടയാൻ നോക്കിയതാണ്. പക്ഷെ വീട്ടുകാർക്ക് മെമ്പറോട് യോജിക്കാനാണ് തോന്നിയത്.

നേരം ഇരുളുകയാണ്.

നാസർ വന്നില്ല.

പല വിധ അഭിപ്രയങ്ങൾ കേട്ടും, വിമർശനങ്ങൾ അറിഞ്ഞും യോജിച്ചു യോജിക്കാതെയും. പലരോടും നീരസത്തിലും അഭിപ്രായ യോജിപ്പിലും പിറ്റേന്നു വീട്ടുകാർ പോലീസിൽ പരാതി നൽകി. വാർഡു മെമ്പറും, കുടുംബ സുഹൃത്തും എങ്ങുമെങ്ങും തൊടാതെ മുഴി മനഞ്ഞിലിനെപ്പോലെ നില കൊണ്ടു.

“എന്താ പേര് ?”

“പുത്തൻ പുരക്കൽ മൈതീൻ മകൻ നാസർ....”

“എത്ര വയസ്സ്.....?”

“ഇരുപത്തിയെട്ട്...”

വെളുത്ത നിറം, ക്ഷീണിച്ച ദേഹം, അഞ്ചടി എട്ടിഞ്ച് ഉയരം, വീട്ടിൽ നിന്നു പോകുമ്പോൾ വെളുത്ത കോട്ടൻ ഷർട്ടും നീല ജീൻസും ധരിച്ചിരുന്നു.

“പറയൂ”.

പോലീസുകാരൻ പറഞ്ഞു.

“ഇന്നലെ ഉച്ചക്ക് രണ്ടു മണിയോടു കൂടി ഊണും കഴിഞ്ഞ് ഇവിടെ നിന്നും രാജേഷിന്റെ കാറിൽ കയറിപ്പോയി. ഇതേവരെ തിരിച്ചു വന്നിട്ടില്ല.”

നാസറിന്റെ ഭാര്യ നസീമ പറഞ്ഞു കൊടുക്കുന്നു. കേട്ടുകൊണ്ട് അവന്റെ ബാപ്പയും ഉമ്മയും ഇരിക്കുന്നു. ഒരു പോലീസുകാരൻ എഴുതുകയും മറ്റൊരാൾ ചോദിക്കുകയും ചെയ്യുന്നു.

വീടിനോടു ചേർന്ന് റോഡരുകിൽ പോലീസ് ജീപ്പും അതിൽ ചാരി ഡ്രൈവറുമുണ്ട്. എസ് ഐ പരിസരം വിഹഗമായി വീക്ഷിക്കുന്നുണ്ട്. അയാളുടെ കണ്ണുകളെ കറുത്ത കണ്ണട മറച്ചിരിക്കുന്നു.

“അവൻ പോകുമ്പോൾ എന്തു പറഞ്ഞു...?”

“ഉടനെ വരും കല്യാണത്തിനു പോകണമെന്നു പറഞ്ഞു.”

“ആരുടെ കല്യാണത്തിന്...?”

“ഒരു കൂട്ടുകാരന്റെ.”

“പോകുമ്പോൾ അവന്റെ കയ്യിൽ എത്ര കാശുണ്ടായിരുന്നു..?”

“കൃത്യമായിട്ടറിയില്ല.”

“എന്നാലും...? “

“മൂന്നു ലക്ഷമോ മറ്റോ...”

“അതെങ്ങനെ അറിഞ്ഞു.....?”

“രാജേഷ് പറഞ്ഞു....”

“ആർക്കു കൊടുക്കാനെന്നുപറഞ്ഞു....?”

“മഹേഷിന്...”

“അതോ ധനേഷിനോ...? .”

“മഹേഷെന്നു പറഞ്ഞെന്നാണ് ഓർമ്മ.”

“ഈ മഹേഷിനെ അറിയുമോ...?”

“ഇല്ല.”

“അയാളുടെ ജോലിയെന്തെന്നറിയുമോ....? “

“ഇല്ല.”

ചോദ്യങ്ങൾ ഒരു ഘോഷയാത്ര പോലെ വന്നുകൊണ്ടിരുന്നു, വസ്ത്രങ്ങൾ അഴിഞ്ഞു, അഴിയാതെയും, കിടപ്പറയിലേക്ക് ഒളിഞ്ഞു നോക്കിയും നോക്കാതെയും, അധികാരത്തോടെ കതക് തുറന്നും....

കരഞ്ഞും മുക്കിയും മൂളിയും കുറെ ഉത്തരങ്ങളുമുണ്ടായി.

പഴയ കഥകളെ അയവിറക്കുകയാണ് നാട്ടുകാർ....

അവന്, നാസറിന് പഴയ കഥകളുണ്ട്, വിഹിതമായിട്ടും അവിഹിതമായട്ടും....

അരിഷ്ടതകളിലായിരുന്നു ബാല്യം. വരുമാനം കുറഞ്ഞ തൊഴിലുകൊണ്ടാണ് അവന്റെ ബാപ്പ മൂന്നു കുട്ടികളെ വളർത്തിയതും പഠിപ്പിച്ചതും. പ്രായപൂർത്തിയെത്തിയപ്പോൾ നാസർ ഡ്രൈവറുടെ തൊഴിലാണ് സ്വീകരിച്ചത്. അന്നു തന്നെ പണം സമ്പാദിക്കാനുള്ള തന്ത്രപ്പാട് അവനിൽ തെളിഞ്ഞു നിന്നിരുന്നു. വഴി വിട്ട പണിയും ചെയ്യാൻ തയ്യാറായിരുന്നു. ആയിടക്ക് വിവാഹിതയായ ഒരു സ്ത്രീയുമായിട്ട് ഊരു ചുറ്റി, അല്ലറ ചില്ലറ സാമ്പത്തിക ഇടപാടുകളിൽ തിരിമറി നടത്തി. എന്നാൽ അവിടെ നിന്നൊന്നും തട്ടുകൾ കിട്ടിയതുമില്ല.

നാട്ടുകാർ ചർച്ചകൾ നടത്തി, അഭിപ്രായ രൂപീകരണങ്ങളും നടത്തി.

-അവൻ പണം ഇരട്ടിപ്പിക്കാൻ പോയി കുടുങ്ങി.

-ഹേയ്, അതാകില്ല, കയ്യിൽ കിട്ടിയ കാശുമായിട്ട് ഏതെങ്കിലും പെണ്ണുമായിട്ട് നാടുവിട്ടുകാണും...

-ആകാം.... അവന്റെ സ്വഭാവമതാണല്ലോ....

-അവൻ പണം കൊടുക്കാൻ പോയ പുള്ളി അത്ര ശരി പുള്ളിയൊന്നുമല്ല. അന്യ നാട്ടിൽ നിന്നും ഇവിടെ വന്ന് വലിയൊരു വീടും വാടകക്കെടുത്ത് ഒരുത്തിയുമായിട്ട് താമസ്സിക്കുന്നതെന്തിനാ...

-അതായാടെ ഭാര്യയല്ലെ...

-ആർക്കറിയാം

-അയാളേതെങ്കിലും ഇരട്ടിപ്പ് ഗ്രൂപ്പിന്റെ ആളാകാനാ സാദ്ധ്യത. ആയിരം നല്ല നോട്ടു കൊടുത്താ രണ്ടായിരം കള്ളൻ കൊടുക്കുന്ന ഏർപ്പാട്...

-ഒന്നും പറയാൻ പറ്റില്ല...

-എന്തായാലും അവൻ വരണ്ടെ....

-ഹേയ്... വന്നാൽ കള്ളം പൊളിയില്ലേ....

-അല്ല, നാസറ് കാഷ്മീരിലാ പോയതെന്നു കേക്കുന്നുണ്ടല്ലോ...

-പാക്കാസ്ഥാനിലേക്കാന്നാ പറയുന്നേ...

-ഒരു ഉറപ്പുമില്ല... അങ്ങിനെയും കേക്കുന്നുണ്ട്... അവന്റെ സ്വഭാവം വച്ചു നോക്കുമ്പോ അതുമാകാം.... കാശു കിട്ടിയാൽ എന്തും തെയ്യും...

-ഇപ്പം തെളിഞ്ഞു വരുന്നതു കണ്ടോ... അവൻ അവിടെയും ഇവിടെയുമൊക്കെ സ്ഥലങ്ങള് വാങ്ങി കൂട്ടിയിട്ടുണ്ടെന്ന്...

-ഈ കാശൊക്കെ എവിടന്നു കിട്ടി...

-ആർക്കറിയാം

-ആ മഹേഷിനേം രാജേഷിനേം പിടിച്ചു ചോദ്യം ചെയ്താൽ തെളിഞ്ഞേനെ....

-പക്ഷെ, പോലീസ് ആ വഴിക്ക് ചിന്തിക്കേണ്ടേ...

-അവരുടെ വഴി അടച്ചു കാണും...

-വലിയ പുള്ളികൾ പിറകില് കളിക്കുന്നുണ്ടാകും...

-കളിക്കുന്നുണ്ടന്നേ.....

ആരു കളിച്ചാലും എന്തു കളിച്ചാലും മാസങ്ങൾ കഴിഞ്ഞിട്ടും നാസർ വന്നില്ല.

പ്രായമായ ബാപ്പയും ഉമ്മയും പെൺകുട്ടിയെപ്പോലെ തോന്നിക്കുന്ന ഭാര്യയും പോലീസ് വിളിക്കുന്നിടത്തെല്ലാം കയറിയിറങ്ങി, അവൻ എത്താത്തതിൽ വേവലാധിപ്പെട്ടു കൊണ്ടിരിക്കുന്നു.

പോലീസുകാർ അവന്റെ മൊബൈലിൽ വന്നിട്ടുള്ള വിളികളുടെ ഉറവകൾ കണ്ടെത്തി, കുറ്റവാളികളെപ്പോലെ ചോദ്യം ചെയ്യുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു കൊണ്ടേയിരിക്കുന്നു.

ഒരിടത്തുനിന്നും വീട്ടുകാർക്ക് ഗുണകരമായതൊന്നും കിട്ടാതെ കാര്യങ്ങളിൽ നിന്നുംഅവരും അകന്നു കൊണ്ടിരിക്കുന്നു.

മനസ്സിൽ ഒടുങ്ങാൻ തയ്യാറാകാതെ നിൽക്കുന്ന വിമ്മിട്ടത്തിന് പരിഹാരമായിട്ടാണ് വീട്ടുകാർ പ്രശ്നം വയ്പുകാരെയും മഷിനോട്ടക്കാരെയും സമീപിച്ചത്...

അവരെല്ലാം പറയുന്നു, അവൻ ജീവിച്ചിരിക്കുന്നു, ആരുടേയോ കസ്റ്റടിയിൽ...

എവിടെ.....

ആരുടെ...

ആ ചോദ്യങ്ങൾക്ക് ഉത്തരം ഉണ്ടാക്കാമെന്ന് പറഞ്ഞാണ് ഒരു വക്കീൽ അവന്റെ ഭാര്യയെ സമീപിച്ചത്.

ഹേബിയസ് കോർപ്പസ്സ്....

ആർക്കെതിരെ.....

രാജേഷ്.........

മഹേഷ്.....

പോലീസ്......

സർക്കാർ.....

എന്താകിലും നാസർ ഇതേവരെ തിരിച്ചെത്തിയില്ല........

@@@@@@@@@@

കഥ കേൾക്കാം – ഏഴ്

നാസർ തിരിച്ചു വന്നില്ല

വിജയകുമാർ കളരിക്കൽ

താഴെ കാണുന്ന ലിങ്ക് വഴി വീഡിയൊ കാണുക,  LIke, subscribe, share ചെയ്യുക.

http://www.youtube.com/c/VijayaVidooshakan

https://youtu.be/sZTci4TugKE

Malayalam Short Story / Nazer thirichchu vannilla / കഥ / നാസർ തിരിച്ചു വന്നില്ല

വിജയകുമാർ കളരിക്കൽ

Malayalam Short Story / Nazer thirichchu vannilla / നാസർ തിരിച്ചു വന്നില്ല

https://youtu.be/sZTci4TugKE